കേരള സർക്കാർ
**സാമൂഹ്യനീതി വകുപ്പ്**
www.sjd.kerala.gov.in

SOCIAL JUSTICE DEPARTMENT
care, protection & Empowerment

## കുട്ടികളുടെ അവകാശ സംരക്ഷണവും ഉത്തമ താൽപര്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി...

# സംയോജിത ബാല സംരക്ഷണ പദ്ധതി

കുട്ടികളുടെ അവകാശ സംരക്ഷണവും ഉത്തമ താല്പര്യ സംരക്ഷണവും ഉറപ്പുവരുത്തുക എന്ന ബൃഹത്തായ ലക്ഷ്യം മുൻനിർത്തി സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുന്നതിനായി കേന്ദ്ര വനിതാ-ശിശുക്ഷേമ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് സംയോജിത ബാല സംരക്ഷണ പദ്ധതി. കേരള സർക്കാർ സാമൂഹ്യനീതി വകുപ്പ് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് മുഖാന്തിരം ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

### ലക്ഷ്യ ഗ്രൂപ്പുകൾ

- നിയമവുമായി സംഘർഷത്തിലേർപ്പെടുന്ന കുട്ടികൾ.
  (Juvenile in Conflict with Law)
- പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾ.
  (Child in need of Care and Protection)
- നിയമവുമായി സമ്പർക്കത്തിലേർപ്പെടുന്ന കുട്ടികൾ.
  (Child in contact with Law)

### ഇപ്രകാരമുള്ള കുട്ടികൾ നിങ്ങളുടെ ശ്രദ്ധയിൽ വന്നാൽ

- ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിൽ (DCPU) അറിയിക്കുക
- സ്വയമോ മറ്റാരെങ്കിലും മുഖേനയോ 'ചൈൽഡ് വെൽഫെയർ കമ്മിറ്റി' യിൽ [കാര്യാലയം: തിരുവഞ്ചൂർ] അറിയിക്കുക.

❖ തൊട്ടടുത്ത പോലീസ് സ്റ്റേഷനിലെ 'ബാലസംരക്ഷണ സേവനത്തിനായുള്ള ഓഫീസറെ' അറിയിക്കുക.

❖ ചൈൽഡ് ലൈനിന്റെ സൗജന്യ നമ്പരായ '1098' ൽ ബന്ധപ്പെടുക.

❖ വാർഡ്/പഞ്ചായത്ത് തല "ജാഗ്രതാ സമിതി" യിൽ അറിയിക്കുക.

## DCPU ലഭ്യമാക്കുന്ന പ്രധാന സേവനങ്ങൾ

❖ ബാലാവകാശ സംരക്ഷണത്തിനായുള്ള എല്ലാ നിയമങ്ങളുടെയും സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും ജില്ലാതലത്തിലുള്ള ഏകോപനവും നടപ്പിലാക്കലും.

❖ ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി ഉചിതമായ ബാലസംരക്ഷണ/ക്ഷേമ പ്രവർത്തനം നടത്തുക.

❖ ദത്തെടുക്കൽ (Adoption), Foster Care, Sponsorship ഇവയുടെ ജില്ലാതല നടപ്പിലാക്കലും ഏകോപനവും.

❖ ബാല സംരക്ഷണത്തിനായുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും മേൽനോട്ടവും വിലയിരുത്തലും.

❖ കാണാതാവുകയോ അലഞ്ഞുതിരിയുകയോ ചെയ്യുന്ന കുട്ടികളെ സ്വദേശത്ത് തിരികെയെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

❖ കുട്ടികൾക്ക് സൗജന്യ കൗൺസലിങ്ങും നിയമസഹായവും

**18 വയസ്സ് പൂർത്തിയായിട്ടില്ലാത്ത ഏതൊരാളെയും 'കുട്ടി' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കുട്ടികളെയും അവരുടെ അവകാശങ്ങളെയും സംരക്ഷിക്കുക എന്നത് ഏതൊരു രാഷ്ട്രത്തിന്റെയും പരമപ്രധാനമായ ചുമതലകളിലൊന്നാണ്. കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും നമുക്കൊരുമിച്ച് പരിശ്രമിക്കാം...**

**ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്**
കെ.വി.എം. ബിൽഡിംഗ്സ്
അണ്ണാൻകുന്ന് റോഡ്
കോട്ടയം – 686 001
ഫോൺ : 0481 2580548
dcpukottayam@gmail.com

Madona _ 2585375